DESPATCHED
18/06/2020

18/02/2020

**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**
**തിരുവനന്തപുരം 695 001**
**Tel: 0471 2561600/2561614/2561603/2332588, Fax: 0471 2330920**
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.722(4)/2013/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.4413/SIC-Gen 2/2013**
**സന്നിഹിതൻ**
**ശ്രീ.കെ.വി.സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. ജോണി കെ.എം.,
കമ്പകത്തുങ്കൽ വീട്,
ചീനിക്കുഴി പി.ഒ., ഉടുമ്പന്നൂർ,
ഇടുക്കി – 685 595.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   കരിമണ്ണൂർ പോലീസ് സ്റ്റേഷൻ,
   കരിമണ്ണൂർ, ഇടുക്കി.

2. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് (ഭരണ വിഭാഗം),
   ജില്ലാ പോലീസ് കാര്യാലയം, ഇടുക്കി.

3. അപ്പീൽ അധികാരി &
   ജില്ലാ പോലീസ് മേധാവി,
   ജില്ലാ പോലീസ് മേധാവിയുടെ കാര്യാലയം,
   ഇടുക്കി.

} എതിർകക്ഷികൾ

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ 04.01.2013ൽ കരിമണ്ണൂർ പോലീസ് സ്റ്റേഷൻ SPIOയ്ക്കും 09.02.13ൽ ഒന്നാം അപ്പീലധികാരിയായി ഇടുക്കി പോലീസ് സൂപ്രണ്ട് ഓഫീസിനും നൽകിയ അപേക്ഷകൾക്ക് കൃത്യമായ മറുപടി ലഭിച്ചില്ല എന്നതാണ് പരാതി.

2. ഇതുമായി ബന്ധപ്പെട്ട് കമ്മീഷൻ നിർദ്ദേശിച്ചതനുസരിച്ച് 27.05.13ൽ ഇടുക്കി പോലീസ് സൂപ്രണ്ട് ഓഫീസിലെ DYSP (ഭരണ വിഭാഗം) റിപ്പോർട്ടു നൽകി. അതിൽ ഇപ്രകാരം പറയുന്നു.

"അപ്പീലപേക്ഷ SHO കരിമണ്ണൂരിന്റെ അപ്പീലധികാരിയായ പോലീസ് ഇൻസ്പെക്ടർ കാളിയാറിന് 08.02.13ൽ (G2(A)5192/13 OID) നൽകിയിരുന്നു. ഇതിനു ശേഷം, ശ്രീ. ജോണി കെ.എം. സമർപ്പിച്ച അപേക്ഷയിന്മേൽ മറുപടി സമയബന്ധിതമായി നൽകിയിട്ടുള്ളതാണെന്ന് അറിയിച്ചിട്ടുള്ളതാണ്."

3. 27.05.13ലെ കത്തനുസരിച്ചാണ് അപ്പീൽ ഹർജിക്കാരന് വിവരങ്ങൾ നൽകിയതായി എതിർകക്ഷി പറഞ്ഞിട്ടുള്ളത്. ഇതിനും വളരെ മുമ്പേ (03.04.13)ലാണ് അപ്പീൽ ഹർജിക്കാരൻ കമ്മീഷന് അപ്പീൽ നൽകിയിരിക്കുന്നത്. ഇത് കണക്കിലെടുക്കുമ്പോൾ, അപ്പീൽ ഹർജിക്കാരന് ഇതിനകം വിവരങ്ങൾ കിട്ടിക്കാണുമെന്ന് കമ്മീഷൻ കരുതുന്നു. അതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിക്കുന്നു.

4. അപ്പീൽ ഹർജിക്കാരന് ഇനിയും, വിവരങ്ങൾ കിട്ടിയിട്ടില്ലെന്നുണ്ടെങ്കിൽ, കമ്മീഷനെ അറിയിക്കുന്ന പക്ഷം, പരാതി ഹർജിയായി സ്വീകരിച്ച് കമ്മീഷൻ തുടർ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

5. മേൽപ്പറഞ്ഞ പ്രകാരം അപ്പീൽ ഹർജിയിന്മേൽ ഇന്നേ ദിവസം, 2020 ഫെബ്രുവരി മാസം 18-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**കെ.വി.സുധാകരൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

**കമ്മീഷൻ സെക്രട്ടറി**

gk.